എ5/6/2017-റ്റിസി

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം
ട്രാൻസ് ടവേഴ്സ്, തിരുവനന്തപുരം
തീയതി: 15-03-2017

പ്രേഷിതൻ

ട്രാൻസ്പോർട്ട് കമ്മീഷണർ

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും

സർ,

വിഷയം: മോട്ടോർ വാഹന വകുപ്പ്-ജീവനകാര്യം-പാർട്ട് ടൈം കണ്ടിജന്റ് സർവ്വീസ്-ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്

സൂചന: 05-02-2017 തീയതിയിലെ സർക്കാർ സർക്കുലർ നം. റൂൾസ്-2/14/2017/ഉ.ഭ.പ.വ

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 1975ലെ കേരള പാർട്ട്-ടൈം കണ്ടിജന്റ് സർവ്വീസ് വിശേഷാൽ ചട്ടപ്രകാരം പാർട്ട്-ടൈം തസ്തികയിലെ ഒഴിവുകളിലേക്കുള്ള നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയാണ് നടത്തേണ്ടത്. എന്നാൽ ചില നിയമനാധികാരികൾ ഒഴിവുകൾ യഥാസമയം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേക്ക് റിപ്പോർട്ട് ചെയ്യുന്നതിൽ കാലതാമസം വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതായി സൂചനപ്രകാരം സർക്കാർ ചൂണ്ടികാണിക്കുന്നു. ഈ സാഹചര്യത്തിൽ പാർട്ട് ടൈം കണ്ടിജന്റ് തസ്തികയിലെ ഒഴിവുകൾ അടിന്തിരമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേക്ക് റിപ്പോർട്ട് ചെയ്യുവാൻ നിർദ്ദേശിക്കുന്നു. ഈ വിഷയത്തിലെ ക്രോഡീകൃത റിപ്പോർട്ട് യാതൊരു വീഴ്ചയും കൂടാതെ 15 ദിവസങ്ങൾക്കുള്ളിൽ സമർപ്പിക്കുവാൻ എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരോടും നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ
ഒപ്പ്
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
ട്രാൻസ്പോർട്ട് കമ്മീഷണർക്കു വേണ്ടി

അംഗീകാരത്തോടെ

22-3-17

സീനിയർ സൂപ്രണ്ട്

22/3/17